EVICTION FROM VENDURUTHY FOR WAR PURPOSES—COMPLAINTS REGARDING

101. (189) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.....

(എ) യുദ്ധാവശ്യം പ്രമാണിച്ചു വെണ്ടുരുത്തിയിൽനിന്നും അടിയന്തിരമായി ഒഴിവാക്കിവിട്ട ജനങ്ങളിൽ വലിയ ഒരു വിഭാഗത്തിനു് ഇതേവരെ പാർപ്പിടത്തിനു സ്ഥലംപോലും കിട്ടിയിട്ടില്ലെന്ന പല പ്രാവശ്യം അവർ ആവലാതിപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഗവൺമെണ്ടു് എന്തു ചെയ്യും ?

മിസ്റ്റർ കെ. അയ്യപ്പൻ :

(എ) ഉണ്ടു്.

(ബി) അവർക്കായി നെട്ടൂരു് ഒരു കോളനി സ്ഥാപിച്ചുകൊടുത്തു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ : നെട്ടൂർ കോളനിയിൽ വെണ്ടുരുത്തിയിൽനിന്നു പോന്ന എല്ലാവർക്കും വീടിനു സ്ഥലം കിട്ടിയിട്ടുണ്ടെന്നു് ഗവൺമെണ്ടിനു പ്രത്യേകമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ : 2 ൻ 2 വീട്ടുകാരൊഴികെ നെട്ടൂർ കോളനിയിൽ താമസിക്കുണ്ടു്. ഇപ്പോൾ അവരുടെ അപേക്ഷകൾ ഒന്നും വരുന്നില്ല. അതുകൊണ്ടു് അവർ എവിടെയെങ്കിലും പോയി താമസിച്ചിട്ടുണ്ടായിരിക്കും എന്നാണു് ഗവൺമെണ്ടു വിചാരിക്കുന്നതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ : 2 ൻ ൽ പേർ ചേർന്നു സമർപ്പിച്ച ഒരു നിവേദനം ഗവൺമെണ്ടിന്റെ മുമ്പിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ : നോട്ടീസ്സു വേണം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അതിനെ സംബന്ധിച്ചു് ഗവൺമെണ്ടു് മുമ്പു് അന്വേഷിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ : കോളനി സ്ഥാപിക്കുക എന്നതു് വളരെ എളുപ്പമുള്ള കാര്യമല്ല. നെട്ടൂരിൽ 2 ൻ 2 വീട്ടുകാക്കു് ഒരു കോളനി സ്ഥാപിച്ചു കൊടുത്തിട്ടുണ്ടു്. അവരെ മുൻ പാർപ്പിടങ്ങളിൽനിന്നു ഒഴിപ്പിച്ച അവസരത്തിൽ ഗവൺമെണ്ടിനെകൊണ്ടു് കഴിയുന്നതായ സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ടു്. അവർക്കു ബുദ്ധിമുട്ടുണ്ടെന്നു ഗവൺമെണ്ടു് അറിയായ്കയല്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ : ഗവൺമെണ്ടിന്റെ മുമ്പാകെ അവർ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെപ്പറ്റി ആലോചിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ : ആലോചിക്കാം.

VACANCIES IN THE UPPER SECONDARY GRADE OF SIRKAR TEACHERS—DELAY IN FILLING UP

102. (91) **Mr. V. K. Joseph** *(Alur):* Will Government be pleased to state.—

(*a*) whether there are vacancies in the Upper Secondary grade of the Sirkar teachers ;

(*b*) if so, why these vacancies are not filled up ?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes. There are two vacancies.

(*b*) Action is being taken to fill them by promotion.

മിസ്റ്റർ വി. കെ. ജോസഫ് : ഒഴിവു വരുമ്പോൾ ആ സ്കൂളിൽ താഴെ grade-ൽ ഉള്ള ആളുകൾക്കു് ആ സ്ഥാനത്തേക്കു Promotion കൊടുക്കാറില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പു് : അങ്ങിനെയായിരിക്കും.

മിസ്റ്റർ പി. കെ. ഡീവർ : ഈ vacancy എന്നാണു് വന്നതു്?

മിസ്റ്റർ സി. എ. ഔസേപ്പു് : നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡീവർ : ഈ vacancy Public Service Commission-ലേക്കു report ചെയ്തിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു് : ഇല്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ : Public Service Commission-ലേക്കു vacancies report ചെയ്യുന്നതിനു താമസിക്കുന്നതുകൊണ്ടു് നിയമനങ്ങൾ നടത്തുന്നതിനു വൈകിപ്പോകുന്നുണ്ടെന്നു് ഗവൺമെണ്ടിനു അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു് : Promotions കൊടുത്തു vacancy fill up ചെയ്യുന്നതിനു് കുറച്ചു സമയം എടുക്കുന്നതുകൊണ്ടു് Public Service Commission-ലും കുറച്ചു താമസം വരുന്നുണ്ടെന്നു് അറിയാം.

LIBRARY ARCHIVES Kerala Legislative Assembly